മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്ന നടപടി

315 (2925) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്നതിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും കുറഞ്ഞ അളവിൽ മദ്യം കഴിക്കുന്ന ശീലം ഉണ്ടാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ?

ഇതുസംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

(ബി) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്നതിന് മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയിലും വില്പന നികുതിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മദ്യത്തിന്മേലുള്ള വിൽപ്പന നികുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ എക്സൈസ് ഡ്യൂട്ടി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, വിദേശ നിർമ്മിത വിദേശ മദ്യത്തിനും 35% നിരക്കിലും, ബിയറിനും വൈനിനും 10% നിരക്കിലും വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന് മുൻപുള്ള നിരക്കും വർദ്ധിപ്പിച്ച നിരക്കും താഴെ പറയുന്നു.

	മുമ്പുള്ള നിരക്ക്	വർദ്ധിപ്പിച്ച നിരക്ക്
ഇന്ത്യൻ നിർമ്മിത വിദേശമദ്യം	202% മുതൽ 212% വരെ	237% മുതൽ 247% വരെ
വിദേശ നിർമ്മിത വിദേശ മദ്യം	80%	115%
ബിയർ	102%	112%

(സി) ഇതിലൂടെ പ്രതിവർഷം എന്ത് തുക അധികമായി ലഭിക്കുമെന്ന് അറിയിക്കാമോ?

ഇപ്രകാരം നിരക്ക് വർദ്ധിപ്പിച്ചതുവഴി മദ്യവിൽപ്പനയിലൂടെ സംസ്ഥാന സർക്കാരിന് 28-5-2020 തീയതി മുതൽ 31-12-2020 തീയതി വരെയുള്ള കാലയളവിൽ ഏകദേശം 855 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ തോത് അനുസരിച്ച് ഏകദേശം 1518 കോടി രൂപയുടെ അധിക നികുതി വരുമാനം സംസ്ഥാന സർക്കാരിന് പ്രതിവർഷം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly